# കൊരട്ടി ഗ്രാമപഞ്ചായത്ത് - 2023-24 ബഡ്ജറ്റ്

## ആമുഖം

കൊരട്ടി ഇന്ന് കേവലം ഒരു നാമം മാത്രമല്ല. അത് മാതൃകകൾ അന്വേഷിക്കുന്നവർക്കുള്ള ഒരു മഹാനാമം കൂടിയാണിന്ന്. നമ്മുടെ ജില്ലയിൽ, സംസ്ഥാനത്ത്, ദേശീയതലത്തിൽ കൊരട്ടിയുടെ വികസനമാതൃകകൾ അലയടിച്ചുയരുന്ന ഒരു സമകാലീന പശ്ചാത്തലത്തിൽ ആണ് ഈ ബജറ്റ് അവതരണം എന്നത് ശ്രദ്ധേയം ആണ്. നാം എല്ലാവരും ഒരുമിച്ച് ചേർന്ന് ഒരു നാടിന്റെ വികസനത്തിന് 2 വർഷം മുൻപ് ഒരുമിച്ച് സ്വപ്നം കണ്ട വികസന മാതൃകകൾ യാഥാർത്ഥ്യമായികൊണ്ടിരിക്കുന്ന കാലം. ആ അഭിമാനത്തോടെയാണ് കൊരട്ടി പഞ്ചായത്തിന്റെ 2023-24 വർഷത്തെ വാർഷിക ബജറ്റ് അവതരണത്തിന് നാം ഇവിടെ ഒത്തു ചേർന്നിട്ടുള്ളത്.

കഴിഞ്ഞ ബജറ്റിൽ നാം മുന്നോട്ട് വച്ച തെളിനീർ (സമ്പൂർണ്ണ കുടിവെള്ള പഞ്ചായത്ത്), സ്നേഹകൂടാരം (സമ്പൂർണ്ണ കുടിൽ രഹിത പഞ്ചായത്ത്), നിലാവ് (സമ്പൂർണ്ണ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് പഞ്ചായത്ത്), പൊൻപുലരി (വയോജന-സ്ത്രീ-ഭിന്നശേഷി സൌഹൃദ പഞ്ചായത്ത്) തുടങ്ങി നിരവധി പദ്ധതികൾ പൂർണ്ണമായും അല്ലെങ്കിൽ അതിന്റെ അടുത്ത ലക്ഷ്യത്തിലേക്ക് നാം എത്തികഴിഞ്ഞു.

വികസനം എന്നത് നിശബ്ദർക്ക് ശബ്ദം കൊടുക്കുന്ന, ശബ്ദമില്ലാത്തവരുടെ ശബ്ദം ആകുന്ന പ്രക്രിയയുടെ പേരാണ്. ബൈബിളിൽ മനോഹരമായ ഒരു വാക്യം ഉണ്ട്. "അവന് അവരുടെ മേൽ കരുണതോന്നി കാരണം അവർ ഇടയനില്ലാത്ത ആടുകളെ പോലെയായിരുന്നു." ചുരുക്കം ഇതാണ് ഞങ്ങൾക്ക് നിങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ മനസ്സിലാകുന്നുണ്ട് എന്നും, അത് പരിഹരിച്ച് ആ പ്രശ്നങ്ങളുടെ അകത്ത് നിന്ന് പുറത്ത് കടക്കാൻ നിങ്ങളുടെ കൂടെ പരിഹാരങ്ങളിൽ ഇതാ ഞങ്ങളുണ്ട് എന്ന ആത്മവിശ്വാസമാണ് ബജറ്റ്. ആ ആത്മവിശ്വാസത്തോടെ ഈ വാർഷിക ബജറ്റ് 2023-24 ആത്മാഭിമാനത്തോടെ അഭിമാനപൂർവ്വം നിങ്ങളുടെ സമക്ഷം അംഗീകാരത്തിനായി സമർപ്പിക്കുന്നു.

എന്ന്,

പി. സി. ബിജു

(പ്രസിഡന്റ്, കൊരട്ടി ഗ്രാമപഞ്ചായത്ത്)

## ഗ്രീൻ കൊരട്ടി കെയർ കൊരട്ടി

### 1. ശുദ്ധി കൊരട്ടി (കക്കൂസ് മാലിന്യ ശുചീകരണ പ്ലാന്റ്)

വരാൻ പോകുന്ന നാളുകളിൽ നമ്മുടെ നാട് നേരിടാൻ പോകുന്ന ഏറ്റവും രൂക്ഷമായ പ്രശ്നങ്ങളിൽ ഒന്നായിരിക്കും ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യതകുറവ്. നമ്മുടെ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നടത്തിയ ജല ഗുണനിലവാര പരിശോധനയിൽ എടുത്ത സാമ്പിളുകളിൽ 80-90 % ഉം ഇ-കോളി ബാക്ടീരിയകൾ നിറഞ്ഞതാണ് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ അടുത്ത കാലത്ത് പുറത്ത് വിട്ട പഠനറിപ്പോർട്ട് പ്രകാരം നാം കഴിക്കുന്ന കുപ്പി വെള്ളത്തിൽ ഒരു ടോയ് ലറ്റ് സീറ്റിലുള്ള ശരാശരി ബാക്ടീരിയയേക്കാൾ 40000 മടങ്ങ് കൂടുതൽ ബാക്ടീരിയകൾ അടങ്ങിയിട്ടുണ്ട് എന്നാണ്. ഇതിലെ ബാക്ടീരിയകൾ ആന്റി ബയോടിക്കുകളെ പ്രതിരോധിക്കുന്നവയാണ് എന്നും കണ്ട്പിടിച്ചിട്ടുണ്ട്. നമ്മുടെ വീടുകളിലെ ജലവും ജലാശയങ്ങളും ശുദ്ധീകരിക്കാൻ ഏകവഴി കക്കൂസ് മാലിന്യങ്ങൾ യഥാവിധി ശാസ്ത്രീയമായി സംസ്കരിക്കുക എന്നതാണ്. ഈ പദ്ധതിക്കായി സംസ്ഥാന ഗവൺമെന്റ് - ശുചിത്വമിഷൻ-ത്രിതല പഞ്ചായത്ത് ഫണ്ടുകൾ ഉപയോഗിച്ച് 2 കോടി രൂപ ശുദ്ധി കൊരട്ടി പദ്ധതിക്ക് ഈ ബജറ്റ് വിഭാവനം ചെയ്യുന്നു.

### 2. സൂര്യ വെളിച്ചം ( സമ്പൂർണ്ണ സോളാർ പഞ്ചായത്ത്)

നാളെയുടെ ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നാണ് പരമ്പരാഗത ഊർജ്ജ ഇടങ്ങളുടെ ശേഷിക്കുറവും, ലഭ്യതകുറവും. നമ്മുടെ കേരളത്തിൽ വൈദ്യുതിക്ക് നാം ഇപ്പോൾ കൂടുതൽ ആശ്രയിക്കുന്നത് ജല വൈദ്യുതി പദ്ധതികളെയാണ്. എന്നാൽ മാറി വരുന്ന കാലാവസ്ഥ, മഴയുടെ കുറവ് എല്ലാം ഭാവിയിൽ വൈദ്യുതി ഉൽപാദന മേഖലകളിൽ വലിയ പ്രതിസന്ധി ഉണ്ടാക്കും എന്ന കാര്യത്തിൽ രണ്ടഭിപ്രായം ഇല്ല. ആയതിനാൽ പരമ്പരാഗതമായ ഊർജ്ജ ഉൽപാദനത്തിൽ നിന്നും മാറി പാരമ്പര്യേതര ഊർജ്ജമായ സൂര്യപ്രകാശം ഉപയോഗിച്ച് സൌരോർജ്ജ പാനൽ കൂടുതലായി സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിച്ച് സ്വയം പര്യാപ്തത നേടുന്ന സൂര്യ വെളിച്ചം (സമ്പൂർണ്ണ സോളാർ പഞ്ചായത്ത്) പദ്ധതിക്ക് ഈ ബജറ്റ് ഊന്നൽ നൽകുന്നു. വിദ്യാലയങ്ങൾ, പട്ടികജാതി കോളനികൾ, അംഗനവാടികൾ എന്നിവിടങ്ങളിൽ ആണ് പ്രധാനമായും മുൻതൂക്കം നൽകുന്നത്. പ്രസ്തുത പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെയും ത്രിതല പഞ്ചായത്തുകളുടെയും സഹകരണ ബാങ്കുകളുടെയും വിഹിതമായി 4 കോടി രൂപ മാറ്റി വക്കുന്നു.

## 3. കൊരട്ടി - സ്കിൽ ബാങ്ക്

ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുടെ ഏറ്റവും പുതിയ ഒരു പഠനം അനുസരിച്ച് 2030 -ഓട് കൂടി ലോകത്ത് ഉണ്ടാകാൻ പോകുന്ന ജോലികൾക്കായി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളിൽ 30 ശതമാനം ഇന്ന് ലോകത്തിൽ നമ്മുക്ക് കാണാൻ കഴിയാത്ത തൊഴിലുകൾ ആണ്. നാം ആ ലോകത്തേക്ക് എത്ര കണ്ട് ചുവട് വച്ചിട്ടുണ്ടെന്നത് വലിയൊരു ചോദ്യം ആണ്. സംസ്ഥാന സർക്കാർ എന്റെ തൊഴിൽ എന്റെ അഭിമാനം എന്ന ആശയം ഉയർത്തി പിടിച്ച് തൊഴിൽ ലഭ്യമാക്കാൻ വിപുലമായ കാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഭാവിയിൽ ഉയർന്നു വരുന്ന തൊഴിലുകളിൽ 18 വയസ്സ് മുതൽ 45 വരെയുള്ള അഭ്യസ്ത വിദ്യരിൽ എത്രപേർക്ക് വേണ്ടത്ര തൊഴിൽ നൈപുണ്യം ഉണ്ട് എന്നത് നാം ചിന്തിക്കേണ്ടതാണ്. ആയതിനാൽ കൊരട്ടി കേരളത്തിന് മുൻപിൽ വക്കുന്ന ഒരു ആശയം ആണ് കൊരട്ടി സ്കിൽ ബാങ്ക്. ആധുനിക കാലത്തെ പുതിയ തൊഴിൽ സാധ്യതകളായ റോബോട്ട് എഞ്ചിനീയറിംഗ്, ബ്ലോക്ക് ചെയിൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, റിന്യൂവബിൾ എനർജി ടെക്നോളജി മാത്രമല്ല നമ്മുക്ക് ആവശ്യമായ വയോജനങ്ങളുടെ പരിപാലനം, കുട്ടികളുടെ പരിപാലനം, ബേക്കറി മേക്കിംഗ്, കരകൌശല ഉൽപന്നങ്ങളുടെ നിർമ്മാണം, ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്, പബ്ലിക്ക് റിലേഷൻ നൈപുണ്യം തുടങ്ങി നിരവധി ഭാവി തൊഴിൽ സാധ്യതകളിലേക്ക് നമ്മുടെ പഞ്ചായത്തിലെ യുവജനങ്ങളെ ഒരുക്കിയെടുക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിക്കുന്ന കൊരട്ടി സ്കിൽ ബാങ്കിന് എം. പി, എം.എൽ.എ, ത്രിതല പഞ്ചായത്ത് ഫണ്ടുകൾ, വിവിധ ഏജൻസികളുടെ സി.എസ്.ആർ ഫണ്ടുകൾ എന്നിവ ഉപയോഗിച്ച് 20 ലക്ഷം രൂപ മാറ്റി വക്കുന്നു. ഈ ഭരണസമിതിയുടെ കാലാവധിക്കുള്ളിൽ വേതന തൊഴിൽ/സ്വയം തൊഴിൽ സംരഭ മേഖലയിൽ 1000 പേർക്ക് പുതിയതായി തൊഴിൽ ലഭ്യമാക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

## 4. കൊരട്ടി സ്പോർട്സ് ഹബ്ബ്

നാം ഏറെക്കാലമായി സ്വപ്നം കാണുന്ന ഒന്നാണ് കൊരട്ടി സ്പോർട്സ് ഹബ്ബ്. കൊരട്ടിയുടെ പടിഞ്ഞാറൻ മേഖലയിൽ പഞ്ചായത്തിന് സ്വന്തമായി ഭൂമി വാങ്ങി ടർഫ് കോർട്ട്, വോളിബോൾ, ബാസ്കറ്റ് ബോൾ, ബാഡ്മിന്റൺ തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കുന്ന പദ്ധതിയാണ് കൊരട്ടി സ്പോർട്സ് ഹബ്ബ്. ഒപ്പം നമ്മുടെ കോന്നൂർ പഞ്ചായത്ത് ഗ്രൌണ്ടിനെ ആധുനീകരിക്കാൻ ആവശ്യമായ ഫണ്ടും എം. പി, എം.എൽ.എ, സംസ്ഥാന കായികക്ഷേമ വകുപ്പ്, സ്പോർട്സ് കൌൺസിൽ, ത്രിതല പഞ്ചായത്ത് ഫണ്ട്, സി.എസ്.ആർ ഫണ്ട്

മുതലായവ ഉപയോഗിച്ച് നടത്തുവാൻ 4 കോടി രൂപ വകയിരുത്തുന്നു.

**5. ആർജ്ജവം (സ്ത്രീ സൗഹൃദ ഓപ്പൺ ജിംനേഷ്യം - യോഗ-കരാട്ടെ-സ്വയം പ്രതിരോധ കളരി)**

ആധുനിക കാലത്ത് നമ്മുടെ സമൂഹം ഏറ്റവും കൂടുതൽ വെല്ലുവിളി നേരിടുന്ന ഒന്നാണ് ജീവിതശൈലി രോഗങ്ങൾ. ഈ പ്രതിസന്ധിയെ മറികടക്കാൻ നമ്മുടെ പഞ്ചായത്തിന്റെ 3 കേന്ദ്രങ്ങളിൽ സ്ത്രീ സൗഹൃദ ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കാനും, ഒപ്പം സ്ത്രീകൾക്ക് സ്വയം പ്രതിരോധത്തിന്റെ ഭാഗമായി കരാട്ടെ, യോഗ പരിശീലനം നൽകാനും, CSR, ത്രിതല പഞ്ചായത്തുകൾ, എം. പി. എം.എൽ.എ ഫണ്ട് എന്നിവയിൽ നിന്നും 40 ലക്ഷം രൂപ ആർജ്ജവം പദ്ധതിക്ക് മാറ്റിവയ്ക്കുന്നു.

**6. പൊൻപുലരി**

**(വയോജന സൗഹൃദ – സ്ത്രീ സൗഹൃദ – ബാല സൗഹൃദ – ഭിന്നശേഷി സൗഹൃദ പഞ്ചായത്ത് )**

കൊരട്ടി പഞ്ചായത്ത് ഏറെ നേട്ടങ്ങൾ കഴിഞ്ഞ കാലയളവിൽ നേടിയ ഒരു മേഖലയാണ് പൊൻപുലരി. സ്ത്രീ-ബാല-ഭിന്നശേഷി-വയോജന സൗഹൃദ മേഖലയിൽ സുവർണ്ണ സായാഹ്നം, വഴിയോര വിശ്രമകേന്ദ്രം (ടേക്ക് എ ബ്രേക്ക്), മെൻസ്ട്രൽ കപ്പ് വിതരണം, നാപ്കിൻ ഡിസ്ട്രോയർ മെഷീൻ സ്ഥാപിക്കൽ, വയോമിത്രം പദ്ധതി, ഭിന്നശേഷി ഉപകരണങ്ങൾ നൽകൽ അങ്ങനെ നിരവധി പദ്ധതികൾ. ഇനിയും ഈ മേഖലയിൽ പഞ്ചായത്ത് ഏറെ മുമ്പോട്ട് പോകേണ്ടതുണ്ട്. ആയതിലേക്ക് CSR – സംസ്ഥാന ഫണ്ടുകൾ-കുടുംബശ്രീ ഫണ്ടുകൾ-ത്രിതല പഞ്ചായത്ത് ഫണ്ടുകൾ അടക്കം 50 ലക്ഷം രൂപ മാറ്റി വക്കുന്നു. അത് വഴി അശരണർക്ക് നിരാലംബർക്ക് ആശ്രയമാവുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

**7. റോഡുകൾ**

നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ ഉള്ള വിവിധ വകുപ്പുകളുടെ റോഡുകളുടെ നിലവാരം ഏറെ മെച്ചപ്പെട്ട കാലമായിരുന്നു കഴിഞ്ഞ സാമ്പത്തിക വർഷം. പാറക്കൂട്ടം - പാലമുറി, സാൻജോ നഗർ PWD റോഡ്, പെരുമ്പി റോഡ് തുടങ്ങിയവ ആധുനീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം നാം ലക്ഷ്യമിട്ട റോഡ് കണക്റ്റിവിറ്റി മാപ്പ്, ആസ്തി രജിസ്റ്റർ കൃത്യമാക്കുക വഴി ഈ വർഷം സംസ്ഥാന സർക്കാരിന്റെ വലിയ സഹായം റോഡുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന് ലഭ്യമാകും എന്നാണ് പ്രതീക്ഷിക്കുന്നത്. എല്ലാ റോഡുകളിലും ദിശാബോർഡ് എന്ന വാഗ്ദാനം നാം യാഥാർത്ഥമാക്കിയിട്ടുണ്ട്. . നമ്മുടെ പഞ്ചായത്തിലെ റോഡുകൾ ആധുനികരിക്കുന്നതിനും മികച്ച ജലനിർഗ്ഗമന മാർഗ്ഗങ്ങൾ നിർമ്മിക്കുന്നതിനും ഈ ബഡ്ജറ്റിൽ 4 കോടി രൂപ മാറ്റി വയ്ക്കുന്നു.

## 8. കൃഷി

കാർഷിക മേഖലയിൽ ഒരു കുതിച്ച് ചാട്ടം ഉണ്ടാക്കാൻ കഴിഞ്ഞ വർഷമാണ് 2022-23. നിരവധി വർഷങ്ങളായി തരിശ് ആയി കിടന്ന നിരവധി പാടശേഖരങ്ങൾ നെൽകൃഷിയിലേക്ക് എത്തിക്കാനും, അവിടങ്ങളിൽ ജലസേചന സംവിധാനങ്ങൾ ഒരുക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആയതിന് പഞ്ചായത്ത് അതിർത്തിയിലെ കർഷകരുടെ പ്രശംസയും നാം നേടുകയുണ്ടായി. കൊരട്ടി സർവ്വീസ് സഹകരണ ബാങ്ക് ഈ മേഖലയിൽ നമ്മെ നന്നായി സഹായിച്ചിട്ടുണ്ട്. മുടപ്പുഴ, പള്ളിക്കുളം, പെരുമ്പി പാടശേഖരങ്ങളിൽ കൂടുതൽ വിളവിറക്കാനും, നൂറുമേനി കൊയ്ത്ത് എടുക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടങ്ങൾ സംരക്ഷിക്കാനും, ഇനിയും കൊരട്ടിയെ തരിശ് രഹിത – ഹരിത പഞ്ചായത്താക്കി മാറ്റുന്നതിന് 20 ലക്ഷം രൂപ വകയിരുത്തുന്നു.

## 9. ഗ്രീൻ കൊരട്ടി - കെയർ കൊരട്ടി

ഏറെ പുരസ്കാരങ്ങളും, നേട്ടങ്ങളും നേടി സംസ്ഥാനത്ത് തന്നെ ഏറ്റവും തലയെടുപ്പോടെ നിൽക്കുന്ന പഞ്ചായത്താണ് ശുചിത്വ മേഖലയിലെ കൊരട്ടി. നമ്മുടെ ഹരിത കർമ്മസേനയെ ഈ അവസരത്തിൽ ഏറ്റവും കൂടുതൽ അഭിനന്ദിക്കുന്നു. എന്നാൽ ഇനിയും ഏറെ നാം മുന്നോട്ട് പോകേണ്ടതുണ്ട്. നാപ്കിൻ, ഡയപർ പോലുള്ള മാലിന്യങ്ങൾ സംസ്കരിക്കാൻ ഉള്ള സംവിധാനം പഞ്ചായത്ത് ഒരുക്കേണ്ടതുണ്ട്. എങ്കിൽ മാത്രമാണ് കൊരട്ടിയെ ശുചിത്വമുള്ള ഒരു പഞ്ചായത്ത് എന്ന സ്വപ്നത്തിലേക്ക് കൈപിടിച്ച് ഉയർത്താൻ കഴിയൂ. നമ്മുടെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്ലാന്റിന്റെ വിപുലീകരണത്തിനും പുതിയ പ്ലാന്റ് സ്ഥാപിക്കുന്നതിനും ഹരിത കർമ്മ സേനയെ ശക്തിപ്പെടുത്തുന്നതിനുമായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

## 10. ബഡ്സ് സ്കൂൾ

വികസനം എന്നത് പാർശ്വവൽക്കരിക്കപ്പെട്ടവരുടെ കണ്ണീർ ഒപ്പുക എന്നതാണ്. നമ്മുടെ സമൂഹത്തിലെ ഭിന്നശേഷിക്കാരായ വ്യക്തിത്വങ്ങളെ ജീവിതത്തിന്റെ മുഖ്യാധാരായിലേക്ക് നയിക്കുക എന്നത് പഞ്ചായത്തിന്റെ പ്രഖ്യാപിത ലക്ഷ്യം ആണ്. ആയതിലേക്കുള്ള ഒരു മുഖ്യ ചുവട് ആണ് പഞ്ചായത്തിന് സ്വന്തമായി ബഡ്സ് സ്കൂൾ എന്ന ആശയം. നമ്മുടെ പഞ്ചായത്തിലെ ഭിന്നശേഷിക്കാരെ വിദ്യാഭ്യാസ പുനരധിവാസ പ്രയത്നങ്ങളിൽ ഏറ്റവും വലിയ ചുവടുവെപ്പാകുന്നതിന് ബഡ്സ് സ്കൂൾ സ്ഥാപിക്കുന്നതിന് കുടുംബശ്രീ-ത്രിതല പഞ്ചായത്ത്-സി. എസ്.ആർ ഫണ്ടിനത്തിൽ 30 ലക്ഷം രൂപ വകയിരുത്തുന്നു.

## 11. വഴികണ്ണ് (മാലിന്യ രഹിത പഞ്ചായത്ത്, സ്ത്രീ സുരക്ഷ മുതലായ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സി.സി.ടി.വി സ്ഥാപിക്കൽ)

നമ്മുടെ പഞ്ചായത്ത് അതിവേഗത്തിൽ നഗരവൽക്കരിച്ച് കൊണ്ടിരിക്കുന്ന പഞ്ചായത്ത് ആണ്. ഗ്രാമങ്ങളിൽ പോലും നഗരങ്ങളുടെ എല്ലാ അടിസ്ഥാന സൗകര്യങ്ങളും കരഗതമായിരിക്കുന്നു. അതിന്റെ ഭാഗമായി സുരക്ഷ, മാലിന്യം വലിച്ചെറിയൽ എന്നിവ വലിയ വെല്ലുവിളികൾ ആണ്. ആയതിന് പരിഹാരം ആയി നമ്മുടെ ദേശീയ പാതകളിലും, പ്രധാന വീഥികളും, ബസ്സ്റ്റോപ്പുകളിലും കേന്ദ്രമാക്കി വഴികണ്ണ് എന്ന പദ്ധതിയിൽ സി.സി.ടി.വി ക്യാമറ സംവിധാനമൊരുക്കാൻ ത്രിതല പഞ്ചായത്ത് - സി.എസ്.ആർ ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ വകയിരുത്തുന്നു. അത് വഴി സ്ത്രീ സുരക്ഷ, കുറ്റകൃത്യങ്ങളുടെ നിയന്ത്രണം, മാലിന്യം വലിച്ചെറിയൽ എന്നിവ നിയന്ത്രിക്കാൻ കഴിയുന്നു.

## 12. കൊരട്ടി ശ്രീ ഫുഡ് - (പ്രഭാത-സായാഹ്ന ഭക്ഷണങ്ങൾ ഗുണമേന്മയോടെ വിലക്കുറവിൽ നൽകുന്നതിനുള്ള പദ്ധതി)

കേരളത്തിന് ഭാവിയിൽ മാതൃകയാക്കാൻ കഴിയുന്ന കൊരട്ടിയുടെ ഒരു പദ്ധതിയാണ് പൊതുജനങ്ങൾക്ക് ആവശ്യമായ പ്രഭാത -സായാഹ്ന ഭക്ഷണങ്ങൾ ഗുണമേന്മയോടെ വിലക്കുറവിൽ നൽകാൻ കഴിയുന്ന കൊരട്ടി ശ്രീ ഫുഡ് പദ്ധതി. അതിന്റെ ആദ്യഘട്ടം വിജയകരമായി നാം പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം, ആവശ്യമായ മെഷിനറികൾ, സഹകരണ സ്ഥാപന രജിസ്ട്രേഷൻ എന്നിവ നാം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. തുടക്കത്തിൽ 100 പേർക്കും ഭാവിയിൽ 500 പേർക്കും വനിതകളായ തൊഴിൽ അന്വേഷർക്ക് വരുമാനം നൽകാൻ കഴിയുന്ന കൊരട്ടി ശ്രീ ഫുഡിന്റെ പൂർത്തീകരണത്തിന് 30 ലക്ഷം രൂപ വകയിരുത്തുന്നു.

## 13. ഇ-അസിസ്റ്റ് പദ്ധതി (ഒരു വീട്ടിൽ ഒരാളെയെങ്കിലും ഇ-ഗവണൻസ് പ്രവർത്തനങ്ങൾ ചെയ്യുവാൻ പ്രാപ്തരാക്കുന്നതിനുള്ള പദ്ധതി)

ഡിജിറ്റൽ യുഗത്തിലേക്കും, ഓൺലൈൻ സേവനങ്ങളിലേക്കും അതിവേഗം കുതിക്കുന്നു. നമ്മുടെ സമൂഹത്തിൽ ഒരു വീട്ടിൽ ഒരാൾക്കെങ്കിലും പ്രത്യേകിച്ച് വയോജനങ്ങൾക്ക് ഡിജിറ്റൽ സേവനങ്ങളെ പരിചയപ്പെടുത്തുന്ന, പഠിപ്പിക്കുന്ന ഒരു പദ്ധതിയാണ് ഇ-അസിസ്റ്റ് കൊരട്ടി പദ്ധതി. ആദ്യഘട്ടത്തിൽ പൈലറ്റ് പദ്ധതിയായി 3 വാർഡുകളിൽ ഇത് തുടക്കം കുറിക്കാനും, കേരളത്തിൽ തന്നെ സവിശേഷ ശ്രദ്ധ നേടാനും ഈ പദ്ധതിക്കായി. ഈ വർഷം അത് പൂർ

ണ്ണമായും എല്ലാ വാർഡുകളിലേക്കും നടപ്പിലാക്കാൻ പഞ്ചായത്ത് സി.എസ്,ആർ ഫണ്ട് ഉപയോഗിച്ച് 2 ലക്ഷം രൂപ വകയിരുത്തുന്നു. അത് വഴി എല്ലാ സർക്കാർ സേവനങ്ങളും, പഞ്ചായത്ത്, വില്ലേജ്, കെ.എസ്.ഇ.ബി ബിൽ പേയ്മെന്റ് തുടങ്ങിയവ വേഗത്തിലാക്കാനും, ഗുണമേന്മയുള്ള സേവനം ലഭ്യമാക്കാനും സാധിക്കുന്നു.

## 14. ഉറവ തേടി (പൊതു കുളങ്ങൾ, കിണറുകൾ വീണ്ടെടുക്കൽ)

ലോകത്ത് ഇനി ഒരു ലോകമഹായുദ്ധം ഉണ്ടാവുകയാണെങ്കിൽ എങ്കിൽ അത് കുടിവെള്ളത്തിന് വേണ്ടിയായിരിക്കും എന്ന വാക്കുകൾ അന്വർത്ഥമാക്കുന്ന നിലയിൽ ആണ് കാലാവസ്ഥയിലെ മാറ്റങ്ങൾ. കുടിവെള്ളം എന്നത് കിട്ടാകനിയാകുന്ന നാട്ടിൽ അതിന് ശാശ്വത പരിഹാരം നമ്മുടെ സ്വാഭാവിക ജലാശയങ്ങളും പൊതുകിണറുകളും സംരക്ഷിക്കുക എന്നതാണ്. ആയതിലേക്ക് ഈ വരുന്ന സാമ്പത്തിക വർഷം 5 പൊതുകുളങ്ങൾ ഏറ്റെടുത്ത് ആധുനിക നിലയിൽ സംരക്ഷിക്കുകയും, നമ്മുടെ പഞ്ചായത്തിലെ പൊതുകിണറുകൾ നവീകരിക്കാനും ഉള്ള പദ്ധതിയാണ് ഉറവ തേടി. ആയതിലേക്ക് C.S,R ഫണ്ടും ത്രിതല പഞ്ചായത്ത് ഫണ്ടും കൂടി 60 ലക്ഷം രൂപ വകയിരുത്തുന്നു.

## 15. കുടിലുകളില്ലാത്ത കൊരട്ടി (ലൈഫ്, സ്നേഹക്കൂടാരം പദ്ധതി)

തലചായ്ക്കാൻ ഇടം ഇല്ലാത്ത പാവങ്ങൾക്ക് പല ഏജൻസികൾ വഴി സുരക്ഷിത ഭവനം ഒരുക്കുന്ന മാതൃക പദ്ധതിയാണ് കുടിലുകളില്ലാത്ത കൊരട്ടി എന്ന പദ്ധതി. ഇതിനകം 37 ലക്ഷം വീടുകൾ ഒറ്റവീടാക്കൽ, 70 വീടുകൾ ലൈഫിലും സ്നേഹക്കൂടാരം പദ്ധതിയിലും, വിവിധ C.S.R ഫണ്ടും, സുമനസ്സുകളുടെ സഹായത്തോടെയും ഏറ്റെടുക്കുകയോ , പൂർത്തിയാക്കുകയോ ചെയ്തിട്ടുണ്ട്. ഇത് സർവ്വകാല റെക്കോർഡ് ആണ്. കൊരട്ടിയെ സംബന്ധിച്ച് അടുത്ത സാമ്പത്തിക വർഷം കുടിലുകളില്ലാത്ത കൊരട്ടി എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി മുരിങ്ങൂരിൽ SC ഫ്ലാറ്റ് നിർമ്മാണം, ലൈഫ് പദ്ധതി, സ്നേഹ കൂടാരം എന്നിവക്കായി ത്രിതല പഞ്ചായത്ത്, സർക്കാർ, സി.എസ്,ആർ ഫണ്ട്, സുമനസുകൾ വഴി തുടങ്ങി 100 വീടുകൾ പൂർത്തീകരിക്കുന്നതിനായി 4 കോടി രൂപ വകയിരുത്തുന്നു.

## 16. പ്രതീക്ഷ അക്കാദമി.

നമ്മുടെ പഞ്ചായത്തിലെ നിർദ്ധനരായ മിടുക്കരായ വിദ്യാർത്ഥികളെയും, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ആയി സിവിൽ സർവ്വീസ്, IIM, IIT, AISER തുടങ്ങി പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടിലേക്കും, കോഴ്സുകളിലേക്കും, തൊഴിലുകളിലേക്കും പ്രവേശനം സാധ്യമാക്കുന്ന പദ്ധതിക്ക് കൊരട്ടി പഞ്ചായത്ത് തയ്യാറെടുക്കുകയാണ്. ആയതിലേക്ക് പ്രതീക്ഷ അക്കാദമി എന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും, പൊതുവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ആയി പരിശീലന പരിപാടിയിലേക്ക് പഞ്ചായത്ത് CSR ഫണ്ട് വഴി 2 ലക്ഷം രൂപ വകയിരുത്തുന്നു.

**17. സദ് ഭരണ പദ്ധതി - ഹെൽപ്പ്ഡെസ്ക്/ഫ്രണ്ട് ഓഫീസ് സംവിധാനം ആധുനികരിക്കൽ**

ക്യൂ ഇല്ലാത്ത കൊരട്ടി പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് എന്ന സംവിധാനം ആധുനികമാക്കുന്നതിന് വേണ്ടിയും, വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി ഈ സാമ്പത്തിക വർഷത്തിൽ വലിയ മുൻഗണനയാണ് കൊരട്ടി പഞ്ചായത്ത് നൽകുന്നത്. ഫ്രണ്ട് ഓഫീസിനോടനുബന്ധിച്ച് കുടുംബശ്രീ ഹെൽപ്പ് ഡെസ്കും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 4 ഹെൽപ്പ് ഡെസ്കുകളും ആരംഭിക്കുന്നതിനും ബജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തുന്നു.

**18. കൈത്താങ്ങ് - അതിദരിദ്രർക്കുള്ള സഹായ പദ്ധതി**

ലോകത്തിലെ ആദ്യത്തെ അതിദരിദ്രർ ഇല്ലാത്ത സംസ്ഥാനം ആക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയിൽ കൊരട്ടി പഞ്ചായത്തിലെ കണ്ടെത്തിയിട്ടുള്ള അതിദരിദ്രർക്ക് വിവിധ സഹായങ്ങൾ നൽകുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

**19. പട്ടികജാതി കോളനികളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് സ്ഥലം വാങ്ങൽ**

നമ്മുടെ പഞ്ചായത്തിലെ വിവിധ പട്ടികജാതി കോളനികളിലെ ജനവിഭാഗങ്ങൾക്ക് ഒത്തുകൂടുന്നതിനും, മാതൃക പദ്ധതികൾ നടത്തുന്നതിനും ആയി സേവനകേന്ദ്രം, മിനി കമ്മ്യൂണിറ്റി ഹാൾ എന്നിവ നിർമ്മിക്കുന്നതിനായി ഈ ബജറ്റിൽ 20 ലക്ഷം രൂപ മാറ്റി വകയിരുത്തുന്നു.

**20 – തെളിനീർ (സമ്പൂർണ്ണ കുടിവെള്ള പഞ്ചായത്ത്)**

2024 മാർച്ച് മാസത്തോടുകൂടി എല്ലാ വീട്ടിലും ഗുണമേന്മയുള്ള കുടിവെള്ളം പൈപ്പ് ലൈൻ വഴി എത്തിക്കുന്നതിനുള്ള ജലജീവൻ മിഷൻ പദ്ധതി പഞ്ചായത്തിൽ പുരോഗമിച്ചു വരികയാണ്. കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള 2690 കണക്ഷനുകൾക്കു പുറമേ 3500 കണക്ഷനുകൾകൂടി പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. പദ്ധതിക്കായി 5 ലക്ഷം വകയിരുത്തുന്നു.

**21. ജാഗ്രത സമിതി/ജൻഡർ റിസോഴ്സ് സെന്റർ ശക്തിപ്പെടുത്തൽ**

സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ ജാഗ്രത സമിതികളുടെ പ്രവർത്തനങ്ങൾ വാർഡ് തലത്തിൽ ശക്തിപ്പെടുത്തുന്നതിനും ജൻഡർ റിസോഴ്സ് സെന്റർ വഴി സ്ത്രീകൾക്കും കുട്ടികൾക്കും കൗൺസിലിംഗ് ഉൾപ്പെടെയുള്ള മാനസിക പിന്തുണ ഉറപ്പ് വരുത്തുന്നതിനും ബഡ്ജറ്റിൽ 5 ലക്ഷം രൂപ വകയിരുത്തുന്നു.

**22. കാർബൺ ന്യൂട്രൽ പഞ്ചായത്ത്**

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് വഴി പഞ്ചായത്തിലെ ഊർജ്ജ ഉപഭോഗം പരമാവധി ലഘൂകരിക്കുന്നതിനും അതുവഴി പുറംതള്ളപ്പെടാനിടയുള്ള കാർ ബൺ ബഹിർഗമനം കുറക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ഇതിനായി 2 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു.

മേൽ കാണിച്ചവ ഈ ബജറ്റിലെ പ്രത്യേക ശ്രദ്ധ കൊടുക്കുന്ന ചില പദ്ധതികൾ മാത്രമാണ്. ഇവ കൂടാതെ കൊരട്ടി പഞ്ചായത്തിലെ എല്ലാ ജനങ്ങളുടെയും ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് പരമാവധി ശ്രോതസ്സുകളിൽ നിന്ന് വരവുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ആകെ 54,10,07,248 രൂപ പ്രതീക്ഷിത വരവും, 51,02,76,550 രൂപ ആകെ പ്രതീക്ഷിത ചെലവും റവന്യൂ വരുമാനത്തിന്റെ 31% മിച്ചവുമുള്ള ബജറ്റാണ് 2023-24 സാമ്പത്തിക വർഷത്തേക്ക് അവതരിപ്പിക്കുന്നത്. യഥാർത്ഥ വികസനവും ജനാധിപത്യവും പുലരുന്നത് ആശ്രയമില്ലാത്തവർക്ക് തണൽ നൽകുമ്പോഴാണ്. അത്തരത്തിൽ തണലാകേണ്ടിടത്ത് സാന്ത്വനം നൽകി വികസനത്തിന്റെ പാതയിൽ കൊരട്ടിയെ നയിക്കുന്നതിനായി ഈ വാർഷിക ബജറ്റ് വിശദമായ ചർച്ചക്കും നിർദ്ദേശങ്ങൾക്കും അംഗീകാരത്തിനുമായി ഈ യോഗം മുമ്പാകെ വിനയപുരസരം സമർപ്പിക്കുന്നു.

എന്ന്

ഷൈനി ഷാജി

വൈസ് പ്രസിഡന്റ്, കൊരട്ടി ഗ്രാമപഞ്ചായത്ത്.

# കൊരട്ടി ഗ്രാമ പഞ്ചായത്ത്

## ബജറ്റ് 2023-24

## 1.വരവുകൾ

### 1(1) നികുതി വരവുകൾ

| | |
|---|---|
| കെട്ടിടനികുതി | 17,800,000 |
| തൊഴിൽനികുതി | 8,000,000 |
| **ആകെ** | **25,800,000** |

### 1(2) നികുതി ഇതര വരവുകൾ

| | |
|---|---|
| ഡി&ഒ ലൈസൻസ് ഫീസ് | 700,000 |
| യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് | 150,000 |
| കെട്ടിട നിർമ്മാണ ചട്ടം,പെർമിറ്റ് ഫീസ്,റെഗുലറൈസേഷൻ ഫീസ് | 800,000 |
| വളർത്തുനായ/പന്നി ലൈസൻസ് ഫീസ് | 25,000 |
| സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫിസ് | 10,000 |
| ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫിസ് | 3,000 |
| ജനന മരണ രജിസ്ട്രേഷൻ | 12,000 |
| വിവാഹ രജിസ്ട്രേഷൻ | 30,000 |
| വിവരാവകാശ നിയമപ്രകാരമുള്ള പകർപ്പ് ഫീസ് | 6,000 |
| പിഴപ്പലിശ/ഫൈൻ | 300,000 |
| വാടക | 3,100,000 |
| ലൈബ്രറി വരവുകൾ | 40,000 |
| ഡിമാൻഡ് നോട്ടീസ്,വാറണ്ട് ഫീസ് | 125,000 |
| ബാങ്ക് പലിശ | 1,900,000 |
| അപേക്ഷാഫീസ് | 16,000 |
| ലേലവരവുകൾ-തടി,കുളം,ചാൽ,മേലാദായം | 550,000 |
| പേപ്പർ,ഉപയോഗയോഗ്യമല്ലാത്ത മറ്റ് വസ്തുക്കളുടെ വിൽപ്പന | 250,000 |
| മാർക്കറ്റ് ലേലം | 100,000 |
| ടെണ്ടർ ഫോറങ്ങളുടെയും മറ്റ് ഫോറങ്ങളുടെയും വിൽപന | 450,000 |
| വിട്ടുകിട്ടിയ സ്ഥാപനങ്ങളീൽ നിന്നുള്ള വരവുകൾ | 100,000 |
| ക്രിമിറ്റോറിയം ഫീസ് | 1,600,000 |
| മറ്റുള്ളവ | 660,000 |
| **ആകെ നികുതി ഇതര വരവുകൾ** | **10,927,000** |

### 1(3) ജനറൽ പർപ്പസ് ഫണ്ട്

| | |
|---|---|
| ജനറൽ പർപ്പസ് ഫണ്ട് | **19932000** |

| | |
|---|---|
| **ആകെ റവന്യൂവരവുകൾ** | **56,659,000** |

### 1(4) സംസ്ഥാന ആവിഷ്കൃത ഫണ്ട്

| | |
|---|---|
| വാർദ്ധക്യ കാല പെൻഷൻ | 64,377,600 |
| വിധവ പെൻഷൻ | 24,403,200 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,400,000 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധന സഹായം | 480,000 |
| വികലാംഗ പെൻഷൻ | 6,662,400 |
| കർഷകതൊഴിലാളി പെൻഷൻ | 5,337,600 |
| തൊഴിൽ രഹിത വേതനം | 0 |
| കൃഷി വകുപ്പ് | 500,000 |
| മൃഗസംരക്ഷണ വകുപ്പ് | 600,000 |
| സംസ്ഥാന കായിക വകുപ്പ് | 2,500,000 |
| **ആകെ** | **107,260,800** |

### 1(5)സംസ്ഥാന സർക്കാരിൽ നിന്നുള്ള മറ്റ് വരവുകൾ

| | |
|---|---|
| ശുചിത്വ മിഷനിൽ നിന്നുള്ള ധനസഹായം | 5,000,000 |
| കേരളോത്സവം | 200,000 |
| പകർച്ചവ്യാധി നിയന്ത്രണ സഹായ ഫണ്ട് | 2,500,000 |
| സാക്ഷരത | 250,000 |
| ജൽ ജീവൻ മിഷൻ വിഹിതം | 10,000,000 |
| അനർട്ട്/കെ.എസ്.ഇ.ബി.സബ്സിഡി | 9,020,000 |
| **ആകെ** | **26,970,000** |

### 1(6) പദ്ധതിവിഹിതം വരവുകൾ

| | |
|---|---|
| വികസന ഫണ്ട് ജനറൽ | 24,875,000 |
| വികസന ഫണ്ട് എസ്.സി.പി | 8,499,000 |
| വികസന ഫണ്ട് റ്റി.എസ്.പി | - |
| ധനകാര്യ കമ്മീഷൻ അവാർഡ്(ബേസിക് ഗ്രാൻറ്) | 4,119,000 |
| ധനകാര്യ കമ്മീഷൻ അവാർഡ്(ടൈഡ് ഗ്രാൻറ്) | 6,179,000 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 30,475,000 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 14,875,000 |
| **പദ്ധതിവിഹിതം ആകെ** | **89,022,000** |
| **മറ്റ് വരവുകൾ** | |
| എം.എൽ.എ പദ്ധതികൾ | 5,000,000 |

| | |
|---|---|
| എം.പി. ഫണ്ട് വിഹിതം | 5,000,000 |
| സി.എസ്. ആർ ഫണ്ട് വിഹിതം | 80,000,000 |
| **ആകെ** | **90,000,000** |

### 1(7)കേന്ദ്രാവിഷ്കൃത പദ്ധതി

| | |
|---|---|
| മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 35,000,000 |
| അനുപൂരക പോഷകാഹാര പദ്ധതി | 4,500,000 |
| സ്വച്ഛ് ഭാരത് മിഷൻ നിന്നുള്ള ധനസഹായം | 5,000,000 |
| ഹെൽത്ത് ഗ്രാന്റ് | 700,000 |
| **ആകെ** | **45,200,000** |

### 1(8)മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വരവുകൾ

| | |
|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2,000,000 |
| ജില്ലാ പഞ്ചായത്ത് | 10,000,000 |
| **ആകെ** | **12,000,000** |

### 1(9)ഗുണഭോക്തൃ വിഹിതം

| | |
|---|---|
| ഗുണഭോക്തൃ വിഹിതം | 1,500,000 |
| ഹരിതകർമ്മ സേന യൂസർഫീ | 6,000,000 |
| സ്നേഹക്കൂടാരം | 2,700,000 |
| **ആകെ** | **10,200,000** |
| **ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ** | |
| ലൈഫ് (ജനറൽ) | 18,900,000 |
| പട്ടികജാതി | 1,900,000 |
| സൂര്യവെളിച്ചം | 19,438,800 |
| **ആകെ** | **40,238,800** |

### 1(12)ഋണശീർഷക്കണക്കുകൾ

| | |
|---|---|
| നിരത ദ്രവ്യം | 1,000,000 |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | 1,250,000 |
| പ്രോവിഡന്റ് ഫണ്ട് | 16,500,000 |
| പെൻഷൻ കോൺട്രിബ്യൂഷൻ | 1,540,000 |
| എസ്.എൽ.ഐ, ജി.ഐ.എസ്,എൽ.ഐ.സി | 201,250 |
| ആദായ നികുതി | 600,000 |
| ജി. എസ് റ്റി | 500,000 |

| | |
|---|---|
| വെൽഫയർ ഫണ്ട് | 125,000 |
| ലൈബ്രറിസെസ് | 890,000 |
| **ആകെ** | **22,606,250** |
| **ആകെ വരവുകൾ** | **500,156,850** |
| **മുൻബാക്കി** | **40,850,398** |
| **ഒട്ടാകെ** | **541,007,248** |

# കൊരട്ടി ഗ്രാമ പഞ്ചായത്ത്

## ബജറ്റ് 2023–24

## (2)ചെലവുകൾ

### 2(1) എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ

| | |
|---|---|
| ജീവനക്കാരുടെ ശമ്പളം | 20,000,000 |
| ദിവസവേതനക്കാരുടെ വേതനം | 5,000,000 |
| ബോണസ്,ഉൽസവ ബത്ത | 500,000 |
| ജീവനക്കാരുടെ യാത്രാ പടി | 500,000 |
| മെഡിക്കൽ റീ–ഇംബേഴ്സ്മെന്റ് | 200,000 |
| മറ്റ് അലവൻസ്കൾ | 1,700,000 |
| ജനപ്രതിനിധികളുടെ ഹോണറേറിയം | 2,400,000 |
| ജനപ്രതിനിധികളുടെ സിറ്റിംഗ് ഫീ | 400,000 |
| ജനപ്രതിനിധികളുടെ യാത്രാപ്പടി | 400,000 |
| ടെർമിനൽ സറണ്ടർ | 1,000,000 |
| **ആകെ** | **32,100,000** |

### 2(2) ഭരണച്ചെലവുകൾ

| | |
|---|---|
| ഓഫീസ് , മറ്റു കറന്റ് ചാർജ്ജ് | 600,000 |
| കറന്റ് ചാർജ്ജ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ | 300,000 |
| ഓഫീസ് വെള്ളക്കരം | 100,000 |
| വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെ വെള്ളക്കരം | 800,000 |
| ഓഫീസ് മെയിന്റനൻസ് ചെലവുകൾ | 500,000 |
| ഓഫീസ് ടെലഫോൺ, ഇൻറർനെറ്റ്, കേബിൾ ചാർജ്ജ് | 200,000 |
| ടെലഫോൺ ചാർജ്ജ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ | 150,000 |
| തപാൽ ചെലവ് | 200,000 |
| പ്രിന്റിംഗ് ചെലവുകൾ | 300,000 |
| സ്റ്റേഷനറി ചെലവുകൾ | 300,000 |
| വക്കീൽഫീസ് | 350,000 |

| | |
|---|---|
| പത്രപരസ്യം | 250,000 |
| മറ്റ് പരസ്യങ്ങളും പബ്ലിസിറ്റി ചാർജ്ജും | 150,000 |
| പഞ്ചായത്ത് രാജ് വരിസംഖ്യ,വെബ്സൈറ്റ്, മെസേജ് വരിസംഖ്യ | 250,000 |
| അസാധാരണ ചെലവുകൾ | 300,000 |
| ഗ്രാമസഭ ചെലവുകൾ | 500,000 |
| മറ്റ് ഭരണച്ചെലവുകൾ | 3,000,000 |
| തെരഞ്ഞെടുപ്പ് ചെലവുകൾ | 200,000 |
| ലോഡിംഗ് അൺലോഡിംഗ് ചാർജസ് | 50,000 |
| ആശാൻഗ്രാന്റ് | 250,000 |
| ഡീസൽ ചാർജ്ജ് | 800,000 |
| വാഹന ഇൻഷ്വറൻസ് | 350,000 |
| പത്രം വരിസംഖ്യ | 100,000 |
| വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ | 600,000 |
| **ആകെ** | **10,600,000** |
| | |

## 2(3) അനിവാര്യചെലവുകളും മറ്റ് പൊതുചെലവുകളും

| | |
|---|---|
| തെരുവ് വിളക്ക് കറണ്ട് ചാർജ്ജ് | 4,500,000 |
| പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് | 1,500,000 |
| കെട്ടിടം ിഅറ്റകുറ്റപ്പണി (പെറ്റി വർക്സ്) | 500,000 |
| റോഡ് അറ്റകുറ്റപ്പണി(പെറ്റി വർക്സ്) | 500,000 |
| ഓഫീസ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി | 500,000 |
| അജ്ഞാത ശവം മറവ് ചെയ്യൽ | 100,000 |
| അപകടകരമായ വൃക്ഷങ്ങൾ മുറിച്ച് മാറ്റൽ | 150,000 |
| അനധികൃത കയ്യേറ്റം ഒഴിപ്പിക്കൽ | 300,000 |
| അനധികൃത നിർമ്മാണം നീക്കം ചെയ്യൽ | 300,000 |
| ശുചീകരണ,രോഗപ്രധിരോധപ്രവർത്തനങ്ങൾ (കോവിഡ് 19 ഉൾപ്പെടെ) | 3,000,000 |
| വരൾച്ച , വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ | 1,000,000 |
| സാക്ഷരത | 250,000 |
| **ആകെ** | **12,600,000** |

## 2(4) സാമൂഹ്യ സുരക്ഷിതത്വപെൻഷനും മറ്റ് സംസ്ഥാന ആവിഷ്കൃത ഫണ്ട് ചെലവുകളും

| | |
|---|---|
| വാർദ്ധക്യ കാല പെൻഷൻ | 64,377,600 |
| വിധവ പെൻഷൻ | 24,403,200 |

| | |
|---|---|
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,400,000 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 480,000 |
| വികലാംഗ പെൻഷൻ | 6,662,400 |
| കർഷകതൊഴിലാളി പെൻഷൻ | 5,337,600 |
| തൊഴിൽ രഹിത വേതനം | - |
| കൃഷി വകുപ്പ് | 500,000 |
| മൃഗസംരക്ഷണ വകുപ്പ് | 600,000 |
| സംസ്ഥാന സ്പോർട്സ് കൗൺസിൽ | 2,500,000 |
| **ആകെ** | **107,260,800** |

## 2(5) മറ്റ് നോൺ പ്ലാൻ ചെലവുകൾ

| | |
|---|---|
| കേരളോൽസവം | 200,000 |
| **ആകെ** | **200,000** |

## 2(6)വാർഷിക പദ്ധതി റവന്യൂ ചെലവുകൾ

| | |
|---|---|
| വികസന ഫണ്ട് ജനറൽ | 24,875,000 |
| വികസന ഫണ്ട് എസ്.സി.പി | 8,499,000 |
| വികസന ഫണ്ട് റ്റി.എസ്.പി | - |
| ധനകാര്യ കമ്മീഷൻ അവാർഡ്(ബേസിക് ഗ്രാൻറ്) | 4,119,000 |
| ധനകാര്യ കമ്മീഷൻ അവാർഡ്(ടൈഡ് ഗ്രാൻറ്) | 6,179,000 |
| മെയിൻ്റനൻസ് ഗ്രാൻ്റ് (റോഡ്) | 30,475,000 |
| മെയിൻ്റനൻസ് ഗ്രാൻ്റ് (നോൺ റോഡ്) | 14,875,000 |
| **പദ്ധതിവിഹിതം ആകെ** | **89,022,000** |
| **മറ്റ് പദ്ധതികൾ** | |
| ശുചിത്വപദ്ധതികൾ | 5,000,000 |
| ശുദ്ധി-ഫീക്കൽ സെപ്റ്റേജ് ട്രീറ്റ്മെൻ്റ് പ്ലാൻ്റ് | 20,000,000 |
| ബഡ്സ് സ്കൂൾ | 3,000,000 |
| പൊൻപുലരി | 5,000,000 |
| സ്പോട്സ് ഹബ് | 40,000,000 |
| ആർജവം | 4,000,000 |
| ഗ്രീൻ കൊരട്ടി കെയർ കൊരട്ടി | 5,000,000 |
| വഴിക്കണ്ണ് | 2,000,000 |
| സ്കിൽബാങ്ക് | 2,000,000 |
| സൂര്യവെളിച്ചം | 40,000,000 |
| റോഡ്-പ്രവൃത്തികൾ | 39,837,500 |
| കൊരട്ടിശ്രീ ഫുഡ് | 3,000,000 |

| | |
|---|---|
| ഇ-അസിസ്റ്റ് പദ്ധതി | 200,000 |
| ഉറവതേടി | 6,000,000 |
| പ്രതീക്ഷ | 200,000 |
| ഹെൽപ്ഡസ്ക് -ഫ്രണ്ട്ഓഫീസ് | 1,000,000 |
| കൈത്താങ്ങ് | 2,000,000 |
| പട്ടികജാതി കോളനി സ്ഥലം വാങ്ങൽ | 2,000,000 |
| പകർച്ചവ്യാധി നിയന്ത്രണ സഹായ ഫണ്ട് | 2,500,000 |
| സാക്ഷരത | 250,000 |
| സ്നേഹക്കൂടാരം | 5,400,000 |
| **ആകെ** | **188,712,500** |
| | |

## 2(7)കേന്ദ്രാവിഷ്കൃത പദ്ധതി

| | |
|---|---|
| മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 35,000,000 |
| അനുപൂരക പോഷകാഹാര പദ്ധതി | 2,500,000 |
| സ്വച്ഛ് ഭാരത് മിഷൻ നിന്നുള്ള ധനസഹായം | 10,000,000 |
| **ആകെ** | **47,500,000** |

## 2(11)ഋണശീർഷക്കണക്കുകൾ

| | |
|---|---|
| നിരത ദ്രവ്യം | 1,000,000 |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | 1,250,000 |
| പ്രോവിഡന്റ് ഫണ്ട് | 16,500,000 |
| പെൻഷൻ കോൺട്രിബൂഷൻ | 1,540,000 |
| എസ്.എൽ.ഐ, ജി.ഐ.എസ്,എൽ.ഐ.സി | 201,250 |
| ആദായ നികുതി | 600,000 |
| ജി എസ് ടി | 500,000 |
| വെൽഫയർ ഫണ്ട് | 125,000 |
| ലൈബ്രറിസെസ് | 890,000 |
| **ആകെ** | **22,606,250** |
| | |
| **ആകെ ചെലവ്** | **510,276,550** |

## ബജറ്റ് സംഗ്രഹം 2023-24

| | |
|---|---|
| **പ്രാരംഭ ബാക്കി** | **40,850,398** |
| **പ്രതീക്ഷിത വരവ്** | **500,156,850** |

| | |
|---|---|
| **ആകെ** | **541,007,248** |
| **പ്രതീക്ഷിത ചെലവ്** | **510,276,550** |
| **പ്രതീക്ഷിത മിച്ചം** | **30,730,698** |

**പദ്ധതികൾ**

| **ക്രമ നമ്പർ** | **പദ്ധതിയുടെ പേര്** | **അടങ്കൽ** |
|---|---|---|
| 1 | ഐ.കെ.എം വിഹിതം | 100000 |
| 2 | സർവ്വ ശിക്ഷാ കേരളം ജനറൽ | 1000000 |
| 3 | അംഗൻവാടി പോഷകാഹാര വിതരണം | 3000000 |
| 4 | കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് - എ എം സി | 100000 |
| 5 | അങ്കണവാടി പോഷകാഹാരവിതരണം എസ് സി | 200000 |
| 6 | സ്ലിം തൃശ്ശൂർ ആർജവം കരാട്ടെ യോഗ പരിശീലനം | 100000 |
| 7 | പെയിൻ ആന്റ് പാലിയറ്റീവ് കെയർ | 750000 |
| 8 | സർവ്വ ശിക്ഷാ കേരളം എസ് സി പി | 500000 |
| 9 | സാംസ്കാരികം - കേരളോത്സവം | 150000 |
| 10 | പഞ്ചായത്ത് എൽപി സ്കൂൾ വാഹനത്തിൻറെ ഇന്ധന ചെലവ് | 200000 |
| 11 | 2023-24 കൊരട്ടി ശ്രീ ഫുഡ് - അടിസ്ഥാന സൗകര്യ വികസനം - കൊരട്ടി ഗ്രാമപഞ്ചായത്ത് | 700000 |
| 12 | 2023-24 സുവർണ്ണ സായാഹ്നം - വഴിയോര വിശ്രമകേന്ദ്രം - കൊരട്ടി ഗ്രാമപഞ്ചായത്ത് | 300000 |
| 13 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് | 400000 |
| 14 | തുല്യത പഠനം പഠിതാക്കളുടെ ഫീസ് നൽകൽ | 50000 |
| 15 | വിദ്യാർത്ഥികൾക്ക് മേശയും കസേരയും എസ് സി | 95000 |
| 16 | എഫ്എച്ച് സി കണ്ടിജൻസി ചിലവുകൾ | 300000 |

| | | |
|---|---|---|
| 17 | 2023-24 സ്നേഹനഗർ എസ് സി കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റപണി | 100000 |
| 18 | 2023-24 വാലുങ്ങാമുറി എസ് സി കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റപണി | 100000 |
| 19 | 2023-24 ദൃശ്യ പരിശീലനകേന്ദ്രം അറ്റകുറ്റപണി വർഡ് 7 | 200000 |
| 20 | എഫ് എച്ച് സി യിലേക്ക് മരുന്ന് ഗ്ളൂക്കോസ് സ്ട്രിപ്പ് മുതലായവ വാങ്ങൽ | 1000000 |
| 21 | 2023-24 ചൂരക്കുളം നവീകരണം വർഡ് 3 | 1800000 |
| 22 | ആയുർവേദ്ദ മരുന്നു വാങ്ങൽ | 1000000 |
| 23 | 2023-24 എം സി എഫ് അറ്റകുറ്റപണികൾ - കൊരട്ടി ഗ്രാമപഞ്ചായത്ത് | 500000 |
| 24 | പഞ്ചായത്ത് എൽപി സ്കൂളിലേക്ക് പാത്രങ്ങൾ മുതലായവ വാങ്ങൽ | 50000 |
| 25 | ഹോമിയോ മരുന്ന് വാങ്ങൽ | 300000 |
| 26 | 2023-24 പൊതുകിണർ നവീകരണം വർഡ് 7 | 100000 |
| 27 | പഞ്ചായത്ത് എൽപി സ്കൂൾ ദൈനംദിന ചെലവുകൾക്കുള്ള തുക | 100000 |
| 28 | പഞ്ചായത്ത് ലൈബ്രററി ഡിജിറ്റലൈസേഷൻ | 250000 |
| 29 | ഹെൽത്ത് സബ്സെൻററുകളുടെ വികസനം | 1500000 |
| 30 | ആർദ്രം പദ്ധതി - ഡോക്ടറുടെ വേതനം നല്കൽ | 700000 |
| 31 | വയോജനങ്ങൾക്കു കട്ടിൽ വിതരണം ജനറൽ വിഭാഗം | 247950 |
| 32 | ജാഗ്രതാ സമിതി ശാക്തീകരണം | 250000 |
| 33 | വനിതാ ഫിറ്റ്നസ് കേന്ദ്രം ഉപകരണങ്ങൾ വാങ്ങൽ | 200000 |
| 34 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠന സഹായം | 1400000 |
| 35 | അംഗൻവാടികളുടെ വെള്ളം വൈദ്യുതി ചാർജ് മറ്റ ഐ സി ഡി സ് ഓഫീസിന്റെ കണ്ടിജൻസി ചിലവുകൾ | 200000 |

| | | |
|---|---|---|
| 36 | അതിദരിദ്രർക്കുള്ള പദ്ധതി – പോഷകാഹാരവിതരണം | 100000 |
| 37 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം | 875000 |
| 38 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 600000 |
| 39 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾക്ക് സാധനസാമഗ്രികൾ വാങ്ങൽ | 1000000 |
| 40 | ടെക്നിക്കൽ അസിസ്റ്റൻറിന് വേതനം | 440000 |
| 41 | ഇ – അസിസ്റ്റ് | 200000 |
| 42 | ബാലസഭ ബാലപാർലിമെൻറ് | 19000 |
| 43 | ഐടി എക്സ്പർട്ടിന് വേതനം | 35000 |
| 44 | ആശ്രയ– അഗതിരഹിത കേരളം പദ്ധതി | 100000 |
| 45 | പദ്ധതി രൂപീകരണം നിർവഹണം മോണിറ്ററിംഗ് | 400000 |
| 46 | പഞ്ചായത്ത് ഓഫീസിലേക്ക് ഓഫീസ് ചെയറുകൾ വാങ്ങൽ | 50000 |
| 47 | സ്ട്രീറ്റ് ലെയിൻ എക്സ്റ്റൻഷൻ | 1900000 |
| 48 | തെരുവുവിളക്ക് മെയിൻറനൻസ് ലേബർ ചാർജ്ജ് | 1500000 |
| 49 | ദുരന്തനിവാരണ പദ്ധതി | 50000 |
| 50 | ഐ എസ് ഒ സർട്ടിഫിക്കേഷൻ | 50000 |
| 51 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം – എസ്സി | 165300 |
| 52 | കൊരട്ടി ശ്രീ ഫുഡ് – കെട്ടിടം ഇലക്ട്രിഫിക്കേഷൻ | 250000 |
| 53 | ലൈഫ് മിഷൻ –പട്ടികജാതി | 10000000 |
| 54 | ടേക്ക് എ ബ്രേക്ക് കെട്ടിടത്തിലേക്ക് വാട്ടർ പ്യൂരിഫിക്കേഷൻ സിസ്റ്റം | 500000 |
| 55 | വാടകക്ക് പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് വാടക നൽകൽ | 24000 |
| 56 | പകൽവീടുകളുടെ പരിപാലനം | 65000 |
| 57 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | 710775 |
| 58 | ലൈഫ് മിഷൻ – ജനറൽ | 40000000 |
| 59 | ഹരിതസഹായസ്ഥാപനം കൺസൾട്ടഷൻ ഫീസ് | 108000 |
| 60 | ലെഗസി വേസ്റ്റ് നിർമാർജനം | 300000 |

| | | |
|---|---|---|
| 61 | വനിതകൾക്ക് അലങ്കാര മത്സ്യ കൃഷി | 250000 |
| 62 | മുറ്റത്തൊരു മീൻതോട്ടം | 100000 |
| 63 | ഞങ്ങളും കൃഷിയിലേക്ക് - പച്ചക്കറി തൈ വിതരണം | 114000 |
| 64 | സമഗ്ര കാർഷിക വികസന പദ്ധതി-നെൽകൃഷി വികസനം | 875000 |
| 65 | ഫലസമൃദ്ധി - വാഴ കൃഷി | 1000000 |
| 66 | കാർഷിക സേവനങ്ങൾക്ക് സബ്സിഡി -ജാതിക്ക് മരുന്ന് തളിക്കൽ | 972000 |
| 67 | മത്സ്യ തൊഴിലാളികൾക്ക് വല | 100000 |
| 68 | കൃഷിഭവൻ അടിസ്ഥാന ദൈനം ദിന ചിലവുകൾ | 100000 |
| 69 | കുടുംബശ്രീ ഹെൽപ്പ് ഡെസ്ക്ക് - രൂപീകരണം (നിർമ്മാണം, ഉപകരണങ്ങൾ വാങ്ങൽ) | 500000 |
| 70 | വനിതകൾക്ക് മുട്ടക്കോഴി വിതരണം(general) | 200000 |
| 71 | വനിതകൾക്ക് മുട്ടക്കോഴി വിതരണം(SCP) | 150000 |
| 72 | വനിതകൾക്ക് പെണ്ണാട് (ജനറൽ) | 152000 |
| 73 | വനിതകൾക്ക് പെണ്ണാട് (എസ്.സി.പി) | 114000 |
| 74 | ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ സംരംഭം (എൽ.ഇ.ഡി ക്ലിനിക്ക്) | 50000 |
| 75 | പഞ്ചായത്ത് സ്കൂളിൽ പാർക്ക് നിർമ്മാണം | 300000 |
| 76 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (എസ്സി) | 1950000 |
| 77 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 |
| 78 | ലൈഫ് മിഷൻ - (എസ് സി ) സ്ഥലം വാങ്ങൽ | 1067700 |
| 79 | വീട് മെയിൻറനൻസ് ജനറൽ | 1900000 |
| 80 | ക്രിമറ്റോറിയം | 200000 |
| 81 | എം.സി.എഫ് കൺവെയർബെൽറ്റ്, ക്ലോത്ത് കട്ടിംഗ് മെഷീൻ | 662000 |
| 82 | വെറ്റിനറി സർജൻ | 100000 |
| 83 | വെറ്ററിനറി മരുന്നു വാങ്ങൽ | 400000 |
| 84 | അംഗൻവാടി മെയിൻറനൻസ് | 1850000 |
| 85 | വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം | 120000 |
| 86 | ഐ കെ എം വിഹിതം | 100000 |

| | | |
|---|---|---|
| 87 | അതിദരിദ്രർക്കുള്ള പദ്ധതി | 500000 |
| 88 | കന്നുകുട്ടി പരിപാലനം | 500000 |
| 89 | ക്ഷീര സംഘങ്ങളിൽ മുഖേനെ വിതരണ്ണം ചെയുന്ന പാലിന് സബ്സിഡി | 300000 |
| 90 | തെരുവ് നായ നിയന്ത്രണം | 100000 |
| 91 | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 1300000 |
| 92 | നിലാവ് പദ്ധതി | 250000 |
| 93 | ജൽജീവൻ മിഷൻ | 750000 |
| 94 | ഹൈമാസ്റ്റ് ലൈറ്റ് എഎംസി | 250000 |
| 95 | ജില്ലാ പദ്ധതികൾക്ക് വിഹിതം നൽകൽ | 350000 |
| 96 | ലിഫ്റ്റ് ഇറിഗേഷൻ മെയിൻറനൻസ് | 500000 |
| 97 | പഞ്ചായത്ത് എൽ.പി. സ്കൂളിൽ ഊട്ടുപുര | 2200000 |
| 98 | കുടുംബശ്രീ ഓഫീസ് നവീകരണം | 300000 |
| 99 | ഡയപ്പർ/സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ | 1629000 |
| 100 | കൊരട്ടി സ്പോർട്സ് ഹബ്ബ് - സ്ഥലം വാങ്ങൾ | 20000000 |
| 101 | അടിയന്തിര ആസ്തി സംരക്ഷണപദ്ധതി | 1500000 |
| 102 | വാതിൽപടി സേവനം | 150000 |
| 103 | വയോജന സൌഹൃദ പഞ്ചായത്ത് - വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് വയോജന സൌഹൃദ സൌകര്യങ്ങൾ ഒരുക്കുക. | 391700 |
| 104 | 2023-24 കുഴിക്കനാട്ട് കുളം നവീകരണം വർഡ് 3 | 200000 |
| 105 | ബഡ്സ് സ്കൂൾ | 2500000 |
| 106 | റോഡ് പ്രവൃത്തികൾ | 40000000 |
| **ആകെ** | | **164682425** |

| | |
|---|---|
| **ആകെ റവന്യൂ പദ്ധതി ചെലവ്** | **123449725** |
| **ആകെ മൂലധന പദ്ധതി ചെലവ്** | **41232700** |

| | |
|---|---|
| **ഉൽപാദന മേഖല ചെലവ്** | **26678345** |
| **സേവന മേഖല ചെലവ്** | **55380730** |
| **പശ്ചാത്തല മേഖല ചെലവ്** | **82623350** |

************